(ഡി) ഹോസ്റ്റൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിയ്ക്കുവാൻ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഇ) ഹോസ്റ്റൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 96 മെസ്സ് ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) അതത് കോളേജുകളിലെ മെസ്സ് കമ്മിറ്റിയാണ് ഹോസ്റ്റൽ ജീവനക്കാരെ നിയമിക്കുന്നത്. കാലാകാലങ്ങളിൽ ഹോസ്റ്റൽ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള വേതനമാണ് മെസ്സ് കമ്മിറ്റികൾ 1986 മുതൽ ഹോസ്റ്റൽ ജീവനക്കാർക്ക് അനുവദിയ്ക്കുന്നത്. ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനുവേണ്ടി മെസ്സ് കമ്മിറ്റികൾ ചിലവാക്കുന്ന തുകകളുടെ 50% സർവ്വകലാശാലയിൽ നിന്നും ഗ്രാന്റായി നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഹോസ്റ്റൽ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിന് വേണ്ടി സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി 30.10.98-ൽ ഒരു സബ്കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സബ്കമ്മിറ്റി റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ) ഉണ്ട്. തൊഴിലാളികളുടെ പല പ്രശ്നങ്ങൾ ചർച്ചചെയ്തു. 1996 ആഗസ്റ്റിലെ മിനിമം കൂലി കൊടുത്തുതീർക്കാൻ നിർദ്ദേശം നൽകി. ഹോസ്റ്റൽ മെസ്സ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നകാര്യം തത്വത്തിൽ അംഗീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

141 (1873) നീലേശ്വരം കാർഷിക കോളേജിലെ ഒഴിവുകൾ

ശ്രീ. ചെർക്കുളം അബ്ദുള്ള :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലേശ്വരം കാർഷിക കോളേജിൽ വേണ്ടത്ര സ്റ്റാഫില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതി പരിഹരിക്കാൻ ഇതിനകം എത്രപേരെ നിയമിച്ചു;

(സി) ഇനിയും എത്ര പേരെ നിയമിക്കാനുണ്ട്;

(ഡി) നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണം എന്ത്;

(ഇ) ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അദ്ധ്യാപക വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് അഞ്ചുപേരെ നിയമിച്ചിട്ടുണ്ട്. അനദ്ധ്യാപക വിഭാഗത്തിൽ താല്ക്കാലികാടി സ്ഥാനത്തിൽ നിയമനം നടത്തുന്നുണ്ട്.

(സി) അദ്ധ്യാപക വിഭാഗത്തിൽ 3 പേരെ.

(ഡി)&(ഇ) അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനെതിരായി കേസ്സുകൾ നിലനിൽക്കുന്നതിനാൽ നിയമനം നടത്താൻ നിർവ്വാഹമില്ല. കേസ്സുകൾ തീരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. അസി.പ്രൊഫസർ (കമ്പ്യൂട്ടർ സയൻസ്) വിഭാഗത്തിലേക്ക് നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിയ്ക്കേണ്ടിയിരിക്കുന്നു.

142 (1874) കൃഷിവകുപ്പിൽ വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ വർക്ക് സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകളിൽ തിരുവനന്തപുരം ജില്ലയിൽ എത്രയെണ്ണം ഉണ്ടെന്ന് വിശദീകരിക്കുമോ;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഈ വകുപ്പിൽ വർക്ക് സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കൃഷിവകുപ്പിൽ 19 വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു ഒഴിവുണ്ട്.

(സി) അഞ്ചു ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്.

143 (1875) ചിറ നിർമ്മാണത്തിലെ അഴിമതി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ പ്രത്യേക കാർഷിക പദ്ധതിയിൽപ്പെടുത്തി കീഴുവിലം പഞ്ചായത്തിൽ പറയത്തുകോണം ഏലായിൽ പണികഴിപ്പിച്ച ചിറ ഉദ്ഘാടനം കഴിഞ്ഞ ഉടനെ ഇടിഞ്ഞു വീണ സംഭവം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ചിറ നിർമ്മാണത്തിൽ അഴിമതി നടന്നതായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇതേക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly